## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1596** **15.02.2016 ൽ മറുപടിയ്ക്ക്**

## നാളികേരത്തിന്റെ വിലയിടിവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ :<br>ശ്രീ.വി. ചെന്താമരാക്ഷൻ :<br>ശ്രീ. പി.ടി.എ. റഹീം :<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നാളികേരത്തിന്റെ വിലയിടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;<br>(ബി) ഇതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിവരങ്ങൾ നല്കാമോ; | (എ) & (ബി) ഉണ്ട്.സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ പ്രൈസസ് ബോർഡിൽ നിന്നും ലഭിച്ച കണക്കുകൾ പ്രകാരം 2015 ഫെബ്രുവരി മാസം 1000 തേങ്ങയുടെ വില 15105 രൂപയായിരുന്നത് 2015 ജൂലൈ മാസം 11720 രൂപയും 2015 ഡിസംബറിൽ 10308 രൂപയുമായി കുറഞ്ഞിട്ടുണ്ട്. 2016 ജനുവരി മാസം വില വീണ്ടും കുറഞ്ഞ് 9654 രൂപയായിട്ടുണ്ട്. ഫെബ്രുവരി മാസവും നാളികേരത്തിന് കുറഞ്ഞ വിലയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. |
| (സി) നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നമായ വെളിച്ചെണ്ണ കൂടാതെ മറ്റേതെല്ലാം മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണിയിൽ ഇറക്കാൻ സാധിച്ചുവെന്ന് അറിയിക്കാമോ;<br>(ഡി) ഇത് എത്രത്തോളം ഫലപ്രദമായിരുന്നുവെന്ന് അറിയിക്കാമോ; | (സി) & (ഡി) വെളിച്ചെണ്ണ കൂടാതെ നാളികേരത്തിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങളായ നാളികേര പാൽ പൗഡർ, നാളികേര ക്രീം, ഡെസിക്കേറ്റഡ് നാളികേരം എന്നിവയും കേരഫെഡ് വിപണിയിലിറക്കിയിട്ടുണ്ട്. നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണി കൂടുതൽ ഊർജ്ജിതപ്പെടുത്തേണ്ടിയിരിക്കുന്നതായി കേരഫെഡ് അറിയിച്ചിട്ടുണ്ട്. |
| (ഇ) ഈ ശ്രമങ്ങൾ ഫലപ്രദമായിരുന്നുവെങ്കിൽ വെളിച്ചെണ്ണയുടെ വിലയെ മാത്രം ആശ്രയിച്ചുള്ള സംസ്ഥാനത്തെ നാളികേര വിപണി ഇന്ന് നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം ഉണ്ടാകുമായിരുന്നോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ? | ഇ) പച്ചനാളികേരത്തിൽനിന്നുള്ള മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ വിപണനം വ്യാപകമാക്കുന്നത് ഇപ്പോഴുള്ള വിപണി പ്രതിസന്ധിക്ക് പരിഹാരമാകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**